**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 551 — 11.12.2012- ൽ മറുപടിക്ക്

<u>അർബൻ സഹകരണ ബാങ്കുകളെ പിരിച്ച് വിടാൻ നിർദ്ദേശം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന അർബൻ സഹകരണ ബാങ്കുകൾ ഏതെല്ലാമാണ് ; | എ) 31.03.2012-ലെ ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം<br>1. തിരുവനന്തപുരം സഹകരണ അർബൻ ബാങ്ക്, തിരുവനന്തപുരം.<br>2. അനന്തശയനം സഹകരണ ബാങ്ക്, തിരുവനന്തപുരം.<br>3. കരമന സഹകരണ അർബൻ ബാങ്ക്, തിരുവനന്തപുരം.<br>4. അടൂർ സഹകരണ അർബൻ ബാങ്ക് ലി.നം.1804, പത്തനംതിട്ട.<br>5. തിരുവല്ല അർബൻ സഹകരണ ബാങ്ക് ലി.നം.477, പത്തനംതിട്ട.<br>6. വൈക്കം അർബൻ സഹകരണ ബാങ്ക് ലി.നം. 1193, കോട്ടയം.<br>7. കട്ടപ്പന അർബൻ സഹകരണ ബാങ്ക്, ഇടുക്കി.<br>8. ഗുരുവായൂർ അർബൻ സഹകരണ ബാങ്ക്, തൃശ്ശൂർ<br>9. നെന്മാറ സഹകരണ അർബൻ ബാങ്ക്, പാലക്കാട്.<br>10. താനൂർ സഹകരണ അർബൻ ബാങ്ക്, മലപ്പുറം.<br>11. ബാലുശ്ശേരി സഹകരണ അർബൻ ബാങ്ക്, കോഴിക്കോട്.<br>12. കേരള മർക്കന്റയിൽ കോ-ഓപ്പറേറ്റീവ് ബാങ്ക്, കോഴിക്കോട്.<br>13. തലശ്ശേരി സഹകരണ അർബൻ ബാങ്ക്, കണ്ണൂർ.<br>എന്നീ സഹകരണ അർബൻ ബാങ്കുകൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. |

| | | | |
|---|---|---|---|
| ബി) | സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന അർബൻ സഹകരണ ബാങ്കുകളെ പിരിച്ച് വിടാൻ റിസർവ്വ് ബാങ്ക് സഹകരണ രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; | ബി) യും സി) യും | ഇല്ല. എന്നാൽ മുൻ സർക്കാരും റിസർവ്വ് ബാങ്കുമായി ഒപ്പുവച്ച ധാരണാപത്രത്തിലെ പുനരുദ്ധരിക്കുന്നതിനോ, പ്രവർത്തനക്ഷമമാക്കുന്നതിനോ സാദ്ധ്യതയില്ലാത്ത അർബൻ ബാങ്കുകളുടെ ദോഷകരമല്ലാത്ത പുറത്തുപോകലിന് നടപടി സ്വീകരിക്കുന്നതാണെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ അടൂർ അർബൻ സഹകരണ ബാങ്ക്, താനൂർ അർബൻ സഹകരണ ബാങ്ക് എന്നിവയെ ശക്തമായ മറ്റേതെങ്കിലും ബാങ്കുമായി സംയോജിപ്പിക്കുന്നതിനോ, അല്ലെങ്കിൽ അവയുടെ ഭരണ സമിതിയെ പിരിച്ച് വിട്ട് മതിയായ ഓഹരി മൂലധനം ലഭ്യമാക്കുന്നതിനോ, നടപടി സ്വീകരിക്കണമെന്ന് റിസർവ്വ് ബാങ്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദമായ പരിശോധന നടത്തി വരുന്നു. |
| സി) | റിസർവ്വ് ബാങ്ക് നിർദ്ദേശത്തെ തുടർന്ന് രജിസ്ട്രാർ എന്തു നടപടി സ്വീകരിച്ചു ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ